# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

## പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെയുള്ളകേസുകൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :201 01/12/2014-ൽ മറുപടി പറയേണ്ടിയിരുന്നത്

ചോദ്യം

ശ്രീ.കെ.കെ. ജയചന്ദ്രൻ

മറുപടി

രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ പോലീസ് ഉദ്യോഗസ്ഥന്മാർ കോഴ വാങ്ങിയതോ കോഴ ആവശ്യപ്പെട്ടതോ ആയിട്ടുള്ള എത്ര ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട് ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് ഉദ്യോഗസ്ഥന്മാർ കോഴ വാങ്ങിയതോ കോഴ ആവശ്യപ്പെട്ടതോ ആയ നിരവധി ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട് . എന്നാൽ കൃത്യമായ കണക്ക് ലഭ്യമല്ല. |
| (ബി) | എത്ര പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ നിലവിൽ വിജിലൻസോ, മറ്റ് ഏജൻസികളോ അന്വേഷണം നടത്തി വരുന്നുണ്ട് ; അന്വേഷണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണ് ; അതിൽ ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർ എത്ര ; അവർ ആരൊക്കെയാണ് ; | കോഴ വാങ്ങിയതുമായി ബന്ധപ്പെട്ട് ചുവടെപറയുന്ന 26 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടന്നുവരുന്നു.<br>1. ശ്രീ. വർഗ്ഗീസ് കുരുവിള, സീനിയർ സിവിൽ പോലീസ് ഓഫീസർ<br>2. ശ്രീ. അനൂപ് സി. നായർ. പോലീസ് സബ് ഇൻസ്പെക്ടർ<br>3. ശ്രീ. ഷിബുകുമാർ വി., പോലീസ് സർക്കിൾ ഇൻസ്പെക്ടർ<br>4. ശ്രീ. വേണുഗോപാൽ കെ.ആർ. പോലീസ് സബ് ഇൻസ്പെക്ടർ<br>5. ശ്രീ. നവാസ്, സിവിൽ പോലീസ് ഓഫീസർ<br>6. ശ്രീ. വിക്രമൻ, പോലീസ് സബ് ഇൻസ്പെക്ടർ<br>7. ശ്രീ. വിജയകുമാർ, അസിസ്റ്റന്റ് പോലീസ് സബ് ഇൻസ്പെക്ടർ<br>8. ശ്രീ. പ്രതാപൻ നായർ പി., പോലീസ് സബ് ഇൻസ്പെക്ടർ (ഗ്രേഡ്)<br>9. ശ്രീ. അജയൻ വി., പോലീസ് സബ് ഇൻസ്പെക്ടർ<br>10. ശ്രീ. മഹേഷ്ദാസ് കെ.വി. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്<br>11. ശ്രീ. പ്രേം ബാഷ, അസിസ്റ്റന്റ് പോലീസ് സബ് ഇൻസ്പെക്ടർ<br>12. ശ്രീ. പ്രദീപ്കുമാർ,പോലീസ് സർക്കിൾ ഇൻസ്പെക്ടർ<br>13. ശ്രീ. ഗോപാലകൃഷ്ണൻ, പോലീസ് സൂപ്രണ്ട്<br>14. ശ്രീ. പ്രശാന്തൻ കാണി ബി.കെ., ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് |

| | | |
|---|---|---|
| | | 15. ശ്രീ. ശ്യാം കെ., പോലീസ് സബ് ഇൻസ്പെക്ടർ<br>16. ശ്രീ.ബൈജു , സിവിൽ പോലീസ് ഓഫീസർ<br>17. ശ്രീ. സുകേഷ് എ., സിവിൽ പോലീസ് ഓഫീസർ<br>18. ശ്രീ.സതീഷ്ചന്ദ്രൻ , ഡ്യൂട്ടി ഓഫീസർ, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്<br>19. ശ്രീ. ജോസഫ് എം.എൽ, പോലീസ് സബ് ഇൻസ്പെക്ടർ<br>20. ശ്രീ. വർഗ്ഗീസ് ജേക്കബ്, പോലീസ് സബ് ഇൻസ്പെക്ടർ<br>21. ശ്രീ. സഞ്ജയ്, പോലീസ് സബ് ഇൻസ്പെക്ടർ<br>22. ശ്രീ. ബിജോയ് പി.ആർ, പോലീസ് സബ് ഇൻസ്പെക്ടർ<br>23. ശ്രീ. മോഹനൻ, അസിസ്റ്റന്റ് പോലീസ് സബ് ഇൻസ്പെക്ടർ<br>24. ശ്രീ.ജോസ് ആർ. , പോലീസ് സർക്കിൾ ഇൻസ്പെക്ടർ<br>25. ശ്രീ. പൊന്നയ്യൻ, പോലീസ് സബ് ഇൻസ്പെക്ടർ<br><br>കൂടാതെ ശ്രീ. ബി.എസ്. മുഹമ്മദ് യാസീൻ, ഐ.പി.എസ്., ശ്രീ.വിജയ് എസ്.സാഖറെ, ഐ.പി.എസ്. എന്നിവർക്കെതിരെ സി.ബി.ഐ. അന്വേഷണവും, ശ്രീ.കെ.ബി. ബാലചന്ദ്രൻ, ഐ.പി.എസ്., ശ്രീ.എസ്.സുരേന്ദ്രൻ, ഐ.പി.എസ്. എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണവും, ശ്രീ. ടോമിൻ ജെ.തച്ചങ്കരി, ഐ.പി.എസ്, ശ്രീ. രാഹുൽ ആർ. നായർ, ഐ.പി.എസ് എന്നിവർക്കെതിരെ വിജിലൻസ് കേസുകളും നിലവിലുണ്ട്. |
| (സി) | എത്ര കേസുകളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പോലീസ് ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട് ; സസ്പെന്റ് ചെയ്യപ്പെട്ട എത്ര പേരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ? | കോഴ വാങ്ങിയതുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണത്തിലുള്ള 17 കേസുകളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട 13 ഉദ്യോഗസ്ഥരിൽ 7 പേരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ